**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3022** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്തെ ക്ഷീരകർഷകർ പ്രയാസങ്ങൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ലോക്ക്ഡൗൺ മൂലം ഹോട്ടലുകളും മറ്റ് വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ഉള്ളതിനാൽ പാലിന്റെ വില്പന മുൻപുള്ളതിനെക്കാൾ കുറഞ്ഞതായി കാണുന്നു. ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനായി ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കന്നുകാലികൾക്ക് നൽകുന്ന തീറ്റയുടെ വില നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ബി) | ഉണ്ട്.കാലിത്തീറ്റ വില വർദ്ധനവിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം തീറ്റപ്പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. കൂടാതെ ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതനപദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400/- രൂപ ധനസഹായം കോവിഡിന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി ക്ഷീരകർഷകർക്ക് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ